**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3645. 25.06.2013 ൽ മറുപടിയ്ക്ക്.

<u>ഡ്രൈവിംഗ് ലൈസൻസുകളിൽ ചട്ടങ്ങളുടെ ആധികാരികത ഉൾക്കൊള്ളിക്കുന്നതിന് നടപടി</u>

| ചോദ്യം<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>„ തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹന വകുപ്പിൽ നിന്നും നൽകുന്ന പുതിയ രീതിയിലുള്ള ഡ്രൈവിംഗ് ലൈസൻസുകളിൽ അവ ഏതു ചട്ടപ്രകാരമാണ് നൽകുന്നതെന്ന കാര്യം വ്യക്തമാക്കിയിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) ചട്ടം പ്രദർശിപ്പിക്കാത്ത ലൈസൻസുകൾക്ക് എന്തു നിയമ സാധുതയാണുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | 1989ലെ കേന്ദ്ര മോട്ടോർ വാഹനചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഫോം 7 ലാണ് ലൈസൻസ് നല്കുന്നത്. ആയതുകൊണ്ടുതന്നെ ഇതിന് നിയമസാധുത ഉണ്ട്. |
| (സി) പുതിയ ലൈസൻസുകൾ നൽകുന്ന മുറയ്ക്കും പഴയവ പുതുക്കി നൽകുന്ന മുറയ്ക്കും ലൈസൻസുകളുടെ ആധികാരികത വെളിപ്പെടുത്തുന്ന ചട്ടങ്ങളുടെ വിശദാംശങ്ങൾ കൂടി ചേർത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ചട്ടങ്ങളുടെ വിശദാംശങ്ങൾ കൂട്ടിച്ചേർക്കുന്നതിന് നിലവിൽ ലൈസൻസ് നല്കുന്ന ഫോം 7ൽ ഭേദഗതി വരുത്തേണ്ടതുണ്ട്. കേന്ദ്ര മോട്ടോർ വാഹനചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ഫോമിന്റെ ഘടനയിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ.